# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ് , തിരുവനന്തപുരം 695 039.


**Tel: 0471 2320920, Fax: 0471 2330920**

**Email: sic@infokerala.org.in**


**ഹർജി നമ്പർ: AP No.450/2007/SIC** തീർപ്പു കൽപ്പിച്ചു കൊ  ുള്ള നടപടിക്രമം

**നംപർ. 4319/എസ്.ഐ.സി–ജി1/2007**

പി.കെ. ചന്ദ്രൻ,
പള്ളിമായ്ക്കൽ ഹൗസ്,
പുളിപറമ്പിൽ ലെയിൻ,
കാനാട്ടുകര,
തൃശ്ശൂർ.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ആഫീസർ,
തൃശ്ശൂർ കോർപ്പറേഷൻ,
തൃശ്ശൂർ.

2. അപ്പലേറ്റ് അതോറിറ്റി,
തൃശ്ശൂർ കോർപ്പറേഷൻ,
തൃശ്ശൂർ.
} എതൃകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ പി. കെ. ചന്ദ്രൻ വിവരാവകാശ നിയമം 19(3) വകുപ്പ് പ്രകാരം സംസ്ഥാന വിവരാവകാശ കമ്മിഷൻ മുമ്പാകെ 21.6.2007 തീയതി വച്ച് സമർപ്പിച്ച അപ്പീൽ ഹർജി 23.6.2007 ന് കമ്മിഷന് ലഭിച്ചിട്ടുള്ളതാണ്. അപ്പീൽ ഹർജി ക്കാരൻ 19.2.2007 തീയതിവച്ച് ഒന്നാം എതൃകക്ഷി മുൻപാകെ വിവരാവകാശ നിയമ പ്രകാരം ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയർ/ടൗൺ പ്ളാനിംഗ് ഓഫീസറുടെ 18.6.2005 തീയതിയിലെ പി.ഡബ്ളിയു 5/12045/05 നമ്പർ ഉത്തരവിൽ പരാമർശിച്ചിരുന്ന, ബിൽഡിംഗ് ഇൻസ്പെക്ടറുടെ 15.6.2004-ലെ റിപ്പോർട്ടിന്റെ പകർപ്പ് ആണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്. ഇതിന് ഒന്നാം എതൃകക്ഷി 26.2.2007-ന് മറുപടി നൽകി. 2005 വർഷത്തെ ഫയലിൽ 2004 വർഷത്തെ വിവരം ഉ  ാവാൻ സാദ്ധ്യതയില്ലാത്തതാണെന്നും എന്നിരുന്നാലും അപ്പീൽ ഹർജിക്കാരൻ

പരാമർശിച്ച ഉത്തരവിനോട് ബന്ധപ്പെട്ട 15.6.05-ലെ ഫയൽ പ്രകാരമുള്ള റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകുന്നതാണെന്നും അറിയിപ്പ് നൽകി. റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ച അപ്പീൽ ഹർജിക്കാരൻ, തനിക്ക് ലഭിച്ചത് പി.ഡബ്ളിയു 5/12042/05-ലെ റിപ്പോർട്ടിന്റെ പകർപ്പ് ആണെന്ന് പരാതിപ്പെട്ട് കൊ ് 2-ാം എതൃകക്ഷി മുൻപാകെ 1-ാം അപ്പീൽ നൽകി. പി.ഡബ്ളിയു 5/12045/05 എന്നത് ഫയലിൽ തെറ്റായി ചേർത്തതാണെന്നും, ശരിയായ നമ്പർ പി.ഡബ്ളിയു 5/12042/05 ആണെന്നും ര ാം എതൃകക്ഷി ഹർജിക്കാരനെ അറിയിച്ചു. യഥാർത്ഥ റിപ്പോർട്ട് 15.6.05-ലേത് ആണെന്നും 15.6.2004 എന്നത് തെറ്റായ തീയതിയാണെന്നും ര ാം എതൃകക്ഷി അപ്പീൽ ഹർജിക്കാരനെ അറിയിച്ചു.

2. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച കമ്മിഷൻ താഴെ പറയും പ്രകാരം നിരീക്ഷിച്ചു.

(i) അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ബിൽഡിംഗ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ തീയതിയും കോർപ്പറേഷൻ എഞ്ചിനീയറുടെ/ടൗൺ പ്ളാനിംഗ് ഓഫീസറുടെ ഉത്തരവിന്റെ നമ്പരും 18.6.2005-ലെ ഉത്തരവിൽ തെറ്റായാണ് ചേർത്തിരിക്കുന്നത്. ഈ തെറ്റുകൾ സമ്മതിക്കുവാൻ എതൃകക്ഷികൾ കൂട്ടാക്കുന്നില്ല എന്നതാണ് ഹർജിക്കാരന്റെ പ്രധാന പരാതി.

(ii) റിപ്പോർട്ടിന്റെ തീയതിയും ഉത്തരവിന്റെ നമ്പരും തെറ്റായാണ് രേഖപ്പെടുത്തിയത് എന്ന് സമ്മതിച്ച് കൊ ു കുറച്ച് കൂടി വിനയത്തോടെയുള്ള ഭാഷ ഉപയോഗിച്ച് ഹർജിക്കാരന് എതൃകക്ഷികൾ മറുപടി നൽകേ തായിരുന്നു എന്ന് കമ്മിഷൻ നിരീക്ഷിച്ചു.

(iii) അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് ലഭിച്ചതായി കമ്മിഷൻ നിരീക്ഷിച്ചു.

(iv) ഹർജിയിൽ എതൃകക്ഷിയുടെ റിപ്പോർട്ട് വരുത്തുന്നതും കൂടുതൽ തെളിവെടുക്കുന്നതും കമ്മിഷന്റെയും ബന്ധപ്പെട്ട കക്ഷികളുടെയും വിലപ്പെട്ട സമയം പാഴാക്കുന്നതും പ്രയോജനരഹിതവുമായ നടപടിയായിരിക്കുമെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

3. മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ താഴെ പറയും പ്രകാരം തീരുമാനിക്കുന്നു.

പൊതു ജനങ്ങളുമായി കത്തിടപാടുകൾ നടത്തുപ്പോൾ എതൃകക്ഷികൾ കൂടുതൽ വിനയത്തോടു കൂടിയ ഭാഷ ഉപയോഗിക്കേ താണ്. അപ്പീൽ ഹർജിക്കാരന് ആവശ്യപ്പെട്ട വിവരങ്ങൾ നൽകി കഴിഞ്ഞിരിക്കുന്നതിനാൽ ഹർജിയിൻമേൽ നടപടി അവസാനിപ്പിക്കുന്നു.

ഹർജിയിൽ ഇന്നേ ദിവസം 2007 സെപ്റ്റംപർ മാസം 6-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.